



# Weekend Bulletin
## Knanaya Catholic Mission, Chicago
February 26, 2006, Vol. 1, Issue 22
www.knanayamission.org/chicago/bulletin.htm





അഭിവന്ദ്യ
മാർ മാത്യു
മൂലക്കാട്ടു
പിതാവിനു
ജന്മദിനാശംസകൾ
ഫെബ്രുവരി 27





ഫെബ്രുവരി 27 തിങ്കൾ
വൈകുന്നേരം 7:00നു
ഓ.എൽ.വി. പള്ളിയിൽ
നമ്മുടെ വിഭൂതിയാചരണം.

RELIGIOUS EDUCATION FESTIVAL
ON SATURDAY MARCH 4
AT THAFT HIGH SCHOOL AUDITORIUM
AT 5:30 P.M.
CHIEF GUEST: MAR JACOB ANGADIATH
SPECIAL FEATURE: KNANAYA BALLET





ലീജിയൺ ഓഫ് മേരിയുടെ ഷിക്കാഗോയിലെയും ആഡിസണിലെയും പ്രഥമ സമ്മേളനങ്ങളിൽ പങ്കെടുത്തവർ.

## CONTACT INFORMATION

**MISSION DIRECTOR**
Fr. Abraham Mutholath
5212 W. Agatite Ave
Chicago, IL 60630.
(773) 412-6254
(773) 286–2556
E-mail: mutholath2000@yahoo.com
www.knanayamission.org/chicago

**BULLETIN EDITOR**
Mathachen Chemmachel
(708) 557-1907

**TRUSTEES**
**Chicago**: Saji Poothrukayil
(847) 293-9409
Sunny Thekkeparambil
(847) 673-6586
**Addison**: James Manjankal
(630) 758-1716
Baby Karikkal, (630) 379-8622

**SECRETARY & PRO**
George Thottappuram
(847) 975-9239

**FINANCE**
**Chicago**: John Elakkatt
**Addison**: Kurian Nellamattam,

**RELIGIOUS EDUCATION**
**Chicago**: Johny Thekkeparambil
(847) 533-8520
Secretary: Anna Kulangara
**Addison**: Tonny Pullappally
(630) 205-5078
Secretary: Veena Jose Kaniyaly

**CHILDREN MINISTRY**
**Chicago**: Bino Machanikkal
Saly Kizhakkekuttu
**Addison**: Tesa Thannikari
Ashley Varakalayil

**TEENS MINISTRY**
**Chicago**: Tito Kandarappally
Lissy Thottapuram
**Addison**: Sabu Mutholam
Justin Kalappurackal

**YOUTH MINISTRY**
**Chicago**: Mary Alumkal
Tessy Jose Njaravelil
**Addison**: Tessy Kanjirathumkal
Tomy Kunnassery

**ADULT TRAINING**
Jose Thazhathuvettathu

**LAY APOSTOLATE**
Joy Choottuvelil, Joy Nediyakalayil
Joy Chemmachel

**LEGION OF MARY**
Mercy Idiyalil

## SATURDAYS

St. Joseph Church School Hall
330 E. Fullerton Ave, Addison, IL 60101

Religious Education
3:45 P.M. to 4:45 P.M.
Holy Mass @ 5:00 P.M.

Youth Seminars on First Saturdays
2:45 P.M. to 4:45 P.M.
English Mass in Syro-Malabar Rite
First Saturdays @ 5:00 P.M.

## SUNDAYS

Our Lady of Victory (OLV) Church
5212 W. Agatite Ave, Chicago, IL 60630

Religious Education
4:00 P.M. to 5:00 P.M.
Holy Mass @ 5:30 P.M.

Youth Seminars on First Sundays
3:00 P.M. to 5:00 P.M.

## NOVENA TO OUR LADY OF PERPETUAL HELP

Saturdays after Holy Mass at St. Joseph Church, 330 E. Fullerton Ave, Addison.

## NOVENA TO ST. JUDE

Thursdays at 7:00 P.M. with Holy Mass and Benediction at Community Center,
5110 N. Elston Ave, Chicago, IL 60630.

February 2006

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| | | | 1 | 2 | 3 | 4 |
| 5 | 6 | 7 | 8 | 9 | 10 | 11 |
| 12 | 13 | 14 | 15 | 16 | 17 | 18 |
| 19 | 20 | 21 | 22 | 23 | 24 | 25 |
| 26 | 27 | 28 | | | | |

# Schedule of Events

SATURDAY, FEBRUARY 25, 2006
Religious Education Class at Addison from 3:45 P.M. to 4:45 P.M.
Holy Mass and Novena at Addison at 5:00 P.M.

SUNDAY, FEBRUARY 26, 2006
Religious Education at OLV from 4:00 P.M. to 5:00 P.M.
Holy Mass at OLV at 5:30 P.M. in the Syro-Malankara Rite by Fr. Saji Mukkoott.

ASH MONDAY, FEBRUARY 27, 2006
Ash Monday Observance at OLV Church at 7:00 P.M.

THURSDAY, MARCH 02, 2006
Mass, Novena, and Benediction at Community Center at 7:00 P.M.

SATURDAY, MARCH 04, 2006
RELIGIOUS EDU. FESTIVAL AT THAFT HIGH SCHOOL from 5:30 P.M.
CHIEF GUEST: MAR JACOB ANGADIATH
No Holy Mass and Novena at Addison today.

SUNDAY, MARCH 05, 2006
No Religious Education Class at OLV today.
Holy Mass in Malayalam at OLV Church Upper level at 5:30 P.M.

THURSDAY, MARCH 09, 2006
Mass, Novena, and Benediction at Community Center at 7:00 P.M.

SATURDAY, MARCH 11, 2006
CONFESSION for Religious Education Students from 2:00 P.M. at Addison
Youth Seminar at Addison from 2:45 P.M. to 4:45 P.M.
Religious Education Class at Addison from 3:45 P.M. to 4:45 P.M.
Youth Mass and Novena in English at Addison at 5:00 P.M.

SUNDAY, MARCH 12, 2006
CONFESSION for Rel. Education Students from 2:00 P.M. at OLV Church.
Youth Seminar at OLV Chicago from 3:00 P.M. to 5:00 P.M.
Religious Education Class at OLV from 4:00 P.M. to 5:00 P.M.
Holy Mass in Malayalam at OLV Church Upper level at 5:30 P.M.

TUESDAY, MARCH 14, 2006
Pastoral Theology Class on the Traditions of the Syro-Malabar Church by HIS EXCELLENCY MAR JACOB ANGADIATH at OLV School at 6:30 P.M.

# MISSION DIRECTOR'S COLUMN

## വിഭൂതി തിങ്കൾ



വിഭൂതി ബുധൻ എന്നതിനു പകരം നാം വിഭൂതി തിങ്കൾ ആചരിക്കുകയാണ്. എന്താണീ മാറ്റത്തിനു കാരണം?

പ്രവേശക കൂദാശകളായ ജ്ഞാന സ്നാനം, തൈലാഭിഷേകം (സ്ഥൈര്യ ലേപനം), പ്രഥമ ദിവ്യകാരുണ്യ സ്വീകരണം എന്നിവ കുട്ടികൾക്കു നല്കുന്ന രീതിയിൽ പാശ്ചാത്യ പൗരസ്ത്യ സഭകൾ തമ്മിൽ വ്യത്യാസമുള്ളതുപോലെ നോമ്പാചരണത്തിലും വ്യത്യാസമുണ്ട്. ലത്തീൻ സഭയിൽ ബുധനാഴ്ചയാണ് നോമ്പ് ആരംഭിക്കുന്നതെങ്കിൽ പൗരസ്ത്യ സഭകളിൽ തിങ്കളാഴ്ച അത് ആരംഭിക്കുന്നു. പകരം ഈശോയുടെ ഉത്ഥാനത്തെ അനുസ്മരിക്കുന്ന ഞായറാഴ്ചകളിൽ നാം നോമ്പിൽ നിന്നു വിമുക്തമാണ്.

പൗരസ്ത്യ സഭയായ സീറോ മലബാർ സഭയിൽ തിങ്കളാഴ്ചകളിലാണ് നോമ്പ് തുടങ്ങിയിരുന്നത്. എന്നാൽ ഇടക്കാലത്ത് ലത്തീൻ സഭാ പിതാക്കന്മാരുടെ ഭരണം കേരള സഭയിൽ ഉണ്ടായതിനാൽ പലതും ലത്തീൻ ക്രമത്തിലേക്കു മാറിയതുപോലെ വിഭൂതിയും ബുധനാഴ്ചയിലേക്കുമാറി. പൗരസ്ത്യ സഭകൾ തങ്ങളുടെ പാരമ്പര്യങ്ങൾ നിലനിർത്തുകയും നഷ്ടപ്പെട്ടവ പുനഃരുദ്ധരിക്കുകയും വേണമെന്ന രണ്ടാം വത്തിക്കാൻ കൗൺസിലിൻെറ നിലപാടനുസരിച്ചാണ് നാം വിഭൂതി തിങ്കളാഴ്ചയിലേക്കു മാറ്റുന്നത്.

ചാരം നെറ്റിയിൽ പൂശുക എന്നതിലുപരി വിഭൂതിയുടെ ചൈതന്യത്തിനു നാം പ്രാധാന്യം നല്കണം. പാപങ്ങളെക്കുറിച്ചു പശ്ചാത്തപിക്കുവാനും ദൈവ മനുഷ്യബന്ധങ്ങൾ മെച്ചപ്പെടുത്തുവാനും ഈ വിശുദ്ധ ദിനം നമ്മെ സഹായിക്കണം. ദൈവത്തെ വിസ്മരിച്ചും വേദനിക്കുന്നവരെ അവഗണിച്ചും സ്നേഹത്തിനു വിരുദ്ധമായി പ്രവർത്തിക്കുന്നതും പാപമാണ്. പ്രാർത്ഥന, പശ്ചാത്താപം, പരസ്നേഹ പ്രവർത്തനങ്ങൾ എന്നിവയിലൂടെ ദൈവത്തോടും സഹജീവികളോടും ഐക്യപ്പെട്ടു സ്വർഗീയാനന്ദം അനുഭവിക്കുവാനാണ് നാം നോമ്പാചരിക്കുന്നത്. അതിനാൽ നോമ്പ് നമ്മിൽ വിഷാദമല്ല ആനന്ദമാണ് നല്കുക. അതിനു തുടക്കം കുറിക്കുവാൻ ഇപ്രാവശ്യത്തെ വിഭൂതി നമ്മെ സഹായിക്കട്ടെ. ഫെബ്രുവരി 27ന് തിങ്കളാഴ്ച വൈകുന്നേരം 7:00ന് ചിക്കാഗോ ഓ.എൽ.വി. പള്ളിയിൽ വിഭൂതിയുടെ തിരുക്കർമ്മങ്ങളിൽ പങ്കുചേർന്ന് നോമ്പിൻെറ അനുഭവത്തിലേക്കു നമുക്കു പ്രവേശിക്കാം.

ഒത്തിരി സ്നേഹത്തോടെ,

ഫാ. എബ്രഹാം മുത്തോലത്ത്.

***വിഭൂതി ആചരണം***
***ഫെബ്രു. 27 തിങ്കൾ വൈകുന്നേരം***
***7:00ന് ഓ.എൽ.വി. പള്ളിയിൽ***

***പൗരസ്ത്യ സഭകളുടെ പാരമ്പര്യമനുസരിച്ച് തിങ്കളാഴ്ച മുതൽ 50 നോമ്പ് ആരംഭിക്കുന്നതിനാൽ അന്ന് മാംസവർജനവും ഒരുനേരവും നോക്കേണ്ടതാണ്. അന്നത്തെ തിരുക്കർമ്മങ്ങളിൽ പങ്കെടുത്ത് നോമ്പിൻെറ അരൂപിയിലേക്കു പ്രവേശിക്കുവാൻ ഏവരെയും സ്വാഗതം ചെയ്യുന്നു.***

## ക്നാനായ കുടിയേറ്റ ബാലെ



ചിക്കാഗോ ക്നാനായ കാത്തലിക് മിഷൻെറ മതബോധന കലോത്സവത്തിൽ ഒരു മണിക്കൂർ നീണ്ടുനില്ക്കുന്ന നയന മനോഹരവും വികാര നിർഭരവുമായ നൃത്താവിഷ്ക്കരണം: ക്നാനായ കുടിയേറ്റ ബാലെ.

മാർ തോമ്മാ ക്രിസ്ത്യാനികളുടെ ഉത്ഭവം, കാതോലിക്കോസ് തൊമ്മൻ കീനാൻെറ നേതൃത്വത്തിൽ കൊടുങ്ങല്ലൂരിലേക്ക് ജനതയെ അയക്കുവാൻ തീരുമാനിക്കുന്നു, കടൽ തീരത്തെ വികാര നിർഭരമായ യാത്രതിരിക്കൽ, കൊടുങ്ങല്ലൂരിൽ മാർതോമ്മാ ക്രിസ്ത്യാനികൾ തങ്ങളുടെ പുതിയ ഇടയനായെത്തുന്ന ഉറഹാ മാർ ജോസഫിനെയും കുടിയേറ്റ സംഘത്തെയും സ്വീകരിക്കുന്നു, ചേരമാൻ പെരുമാൾ തൊമ്മൻ കീനാന് പദവികൾ നൽകുന്നു, കോട്ടയം രൂപതയുടെ സ്ഥാപനവും ക്നാനായ സമുദായത്തിൻെറ വളർച്ചയും എന്നിങ്ങനെ ആറു രംഗങ്ങളിലായി പുതുതായി തയ്യാറാക്കുന്ന ക്നാനായ കുടിയേറ്റ ബാലെയുടെ പ്രഥമ അവതരണം.

ഗാന രചനയും സംഗീത സംവിധാനവും: ഫാ. മാർട്ടിൻ വരിക്കാനിക്കൽ, പാടുന്നത്: മധു ബാലകൃഷ്ണൻ, മർക്കോസ്, കെസ്റ്റർ, മജ്ഞരി. ഓർക്കസ്റ്റ്റാ: സെബി നായരമ്പലം, ബാലസുബ്രമണ്യം, മനു. നൃത്ത സംവിധാനം: ആഷ ജോസഫ്, ചിന്നു തോട്ടം, രംഗ സജ്ജീകരണം: നാരയണൻ കുട്ടപ്പൻ. സംഘാടകർ: മേരി ആലുങ്കൽ, ഡോ. റ്റെസ്സി കാഞ്ഞിരത്തുങ്കൽ, റ്റെസ്സി ജോസ് ഞാറവേലിൽ.

## Weekly Collections

| | |
|---|---|
| February 18 at Addison | 859.00 |
| February 19 at OLV Church | 1881.41 |
| Church Building Fund | 500.00 |

***2005ലെ വാർഷിക സംഭാവന പൂർണ്ണമായി നല്കാത്തവർക്ക് ഫെബ്രുവരി അവസാനം വരെ നല്കുവാൻ സൗകര്യമുണ്ട്. ചെക്കിലോ കവറിലോ 2005ലേക്ക് എന്നു രേഖപ്പെടുത്തുക.***

## നുറുങ്ങുവെട്ടം

**നോമ്പുകാലത്ത് ഉപവസിക്കുന്നത് ആരോഗ്യ പരിപാലനത്തിനോ പണ ലാഭത്തിനോ അല്ല പാപ പരിഹാരാർത്ഥം പരസഹായത്തിനുള്ളതാണ്.**



# ചിക്കാഗോയിൽ ഇത് ഉത്സവകാലം

ചിക്കാഗോ ക്നാനായ മിഷൻെറ ആഭിമുഖ്യത്തിൽ ആകർഷകമായ നിരവധി ആഘോഷങ്ങൾ അടുത്ത മാസങ്ങളിൽ സമാഗതമാകുകയാണ്. മാർച്ച് 4–ം തീയതിലെ മതബോധന കലോത്സവത്തോടെ (റിലിജിയസ് എഡ്യൂക്കേഷൻ ഫെസ്റ്റിവലോടെ)യാണ് അവ ആരംഭിക്കുക. ആഡിസണിലും ചിക്കാഗോയിലുമായി പഠിക്കുന്ന നമ്മുടെ 350 മതബോധന വിദ്യാർത്ഥിനീ വിദ്യാർത്ഥികളും 50 യുവ അദ്ധ്യാപകരുമാണ് അരങ്ങത്ത് വിസ്മയം സൃഷ്ടിക്കുന്നത്. തികച്ചും ബൈബിളിലും ക്നാനായ കുടിയേറ്റ ചരിത്രത്തിലും അധിഷ്ഠിതമായ നൃത്തങ്ങളാണ് ഇവർ അവതരിപ്പിക്കുന്നത്. പരിപാടികൾ താഫ്റ്റ് ഹൈസ്കൂൾ ആഡിറ്റോറിയത്തിൽ 5:30ന് ആരംഭിക്കും. മാർ ജേക്കബ് അങ്ങാടിയാത്തു പിതാവിൻെറ കാർമ്മികത്വത്തിൽ അനവധി വൈദികരുടെ സഹകരണത്തോടെ നടത്തപ്പെടുന്ന ബൈബിൾ ശുശ്രൂഷയോടെയാണ് കലോത്സവം ആരംഭിക്കുക. നമ്മിൽ വികാര തരംഗങ്ങളും പാരമ്പര്യങ്ങളിൽ ബോദ്ധ്യവും ജനിപ്പിക്കുവാൻ പോരുന്ന ഒരു മണിക്കൂർ ദീർഘമീക്കുന്ന ക്നാനായ കുടിയേറ്റ ബാലെ ഒരു അത്ഭുത രംഗാവിഷ്കരണമായിക്കും.

ഈ വർഷത്തെ മറ്റൊരു പ്രത്യേകത ആദ്യകുർബാന സ്വീകരണം കഴിഞ്ഞ് സ്ഥൈര്യലേപനം സ്വീകരിക്കാത്ത എല്ലാവർക്കും തൈലാഭിഷേകം നല്കുന്നുവെന്നതാണ്. മാർച്ച് 19ന് ആഡിസണിലെ പള്ളിയിലും 26ന് ചിക്കാഗോ ഓ.എൽ.വി. പള്ളിയിലും അനവധി വൈദികരുടെ കാർമ്മികത്വത്തിൽ 175 പേർക്ക് ഈ കൂദാശ പരികർമ്മം ചെയ്യും.

മാർച്ച് 30 മുതൽ ഏപ്രിൽ 2 വരെ നമ്മുടെ കമ്മ്യൂണിറ്റി സെൻററിൽ വച്ചു നടക്കുന്ന വാർഷിക ധ്യാനത്തിന് നാട്ടിൽ നിന്നു പ്രഗത്ഭനായൊരു ധ്യാനഗുരുവിനെ നമുക്കായി വരുത്തുകയാണ്. ഈ ധ്യാനം നമ്മുടെ ആദ്ധ്യാത്മിക നവീകരണത്തിന് ഏറെ സഹായിക്കും.

ഏപ്രിൽ 9 മുതൽ 16 വരെയുള്ള വിശുദ്ധ വാര കർമ്മങ്ങൾക്ക് ക്രമീകരണങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നു. ദുഃഖവെള്ളിയാഴ്ച പതിവുള്ള ഇൻഡ്യാനാ തീർത്ഥാടനത്തിന് കൂടുതൽ ഭക്തജനങ്ങളെ പ്രതീക്ഷിക്കുന്നതിനാൽ ഏഴു ബസ്സുകൾ ബുക്കുചെയ്തു കഴിഞ്ഞു.

ഈ വർഷത്തെ ആദ്യ കുർബാന സ്വീകരണത്തിനുമുണ്ട് പ്രത്യേകത. ആദ്യകുർബാന സ്വീകരിക്കുന്ന 50 കുട്ടികൾക്കു തൈലാഭിഷേകവും നല്കുന്നതാണ്. മെയ് 7–ം തീയതി നൈൽസിലെ സെൻറ് ജോൺസ് ദൈവാലത്തിൽ നടക്കുന്ന തിരുക്കർമ്മങ്ങൾക്കു ശേഷം വൈറ്റ് ഈഗിൾ ബാങ്ക്വറ്റ് ഹാളിൽ നടക്കുന്ന സൽക്കാരത്തിലേക്ക് ഏവരെയും കുട്ടികളുടെ മാതാപിതാക്കളുടെ പേരിൽ ക്ഷണിക്കുന്നു.

മെയ് 25 മുതൽ 28 വരെ നടക്കുന്ന തിരുഹൃദയത്തിരുന്നാളാണ് ഈ വർഷത്തെ മറ്റൊരു ആകർഷക ഇനം. പല വൈദിക മേലധ്യക്ഷന്മാർ പങ്കെടുക്കുന്ന മിഷൻെറ അദ്യത്തെ തിരുന്നാളായിരിക്കും ഇത്. പ്രദക്ഷിണത്തിനു മാറ്റുകൂട്ടുവാൻ 100 മുത്തുക്കുടകളും 100 കൊടികളും തഴക്കുടയും ചുരുട്ടിയുമുൾപ്പെടെ പമ്പരാഗത തിരുന്നാൾ സാമഗ്രികൾ എത്തിക്കഴിഞ്ഞു. സുറിയാനി പാട്ടുകുർബാനയണ് ഈ തിരുന്നാളിൻെറ മറ്റൊരു പ്രത്യേകത. ക്നാനായ കലകളുടെ രംഗാവിഷ്കരണവും ഹാസ്യനാടകവും തിരുന്നാളിനു മാറ്റുക്കൂട്ടും.

ആഘോഷങ്ങളോടൊപ്പം ജീവകാരുണ്യ പ്രവർത്തനങ്ങളിലും നാം മുൻപന്തിയിലാണ്. അടുത്ത ഏതാനും മാസങ്ങളിൽ നടത്തപ്പെടുന്ന ആഘോഷ്ങ്ങളോടനുബന്ധിച്ച് നമ്മുടെ മിഷൻെറ സാമൂഹ്യ സേവന വിഭാഗമായ ആഗപ്പെ മൂവ്മെൻറിൻെറ ആഭിമുഖ്യത്തിൽ ഭക്ഷണശാലകളും ഗിഫ്റ്റ് ഷോപ്പുകളും മിതമായ നിരക്കിൽ നടത്തി ലഭ്യമാകുന്ന തുക കോട്ടയം അതിരൂപത വഴി ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിന് ഏവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

നിങ്ങളുടെ അവധിക്കാലം മിഷൻെറ പരിപാടികളിൽ പങ്കെടുക്കത്തക്കവിധം ക്രമീകരിക്കുക. അന്യ സംസ്ഥാനങ്ങളിൽ നിന്നു വരുന്ന നിങ്ങളുടെ ക്നാനായ അതിഥികളെ നമ്മുടെ പരിപാടികളെക്കുറിച്ച് അറിയിച്ച് അവരെയും പങ്കെടുപ്പിക്കുക. ആദ്ധ്യാത്മികതയ്ക്കും സാമൂഹ്യ സേവനത്തിനും ഈ ആഘോഷങ്ങളിലെല്ലാം പ്രാധാന്യം നൽകുന്നതാണ്. ഇവയിൽ സർവ്വാത്മനാ സഹകരിക്കുവാൻ ഏവരെയും സ്വാഗതം ചെയ്യുന്നു.

മിഷനുവേണ്ടി: ഫാ. ഏബ്രഹാം മുത്തോലത്ത് (ഡയറക്ടർ), ജോർജ് തോട്ടപ്പുറം (സെക്രട്ടറി), സജി പൂതൃക്കയിൽ, സണ്ണി തെക്കേപ്പറമ്പിൽ, ബേബി കാരിയ്ക്കൽ, ജയിംസ് മഞ്ഞാങ്കൽ (കൈക്കാരന്മാർ), ജോണി തെക്കേപ്പറമ്പിൽ, റ്റോണി പുല്ലാപ്പള്ളിൽ (ഡി.ആർ.ഇ. മാർ).

### വൈദിക വിദ്യാർത്ഥികളെ സ്പോൺസർചെയ്യാം



**കോട്ടയം അതിരൂപതയിലെ സെമിനാരിക്കാരെ സ്പോൺസർ ചെയ്യുന്നതിന് രണ്ടു പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്.**

**1. 50,000 രൂപ ഒന്നിച്ചോ നാലു വാർഷിക തവണകളായോ സെമിനാരിയുടെ പൊതു ഫണ്ടിലേക്കു നല്കി 12 വർഷത്തെ അംഗത്വമെടുക്കാം. നിങ്ങൾ നിശ്ചയിക്കുന്ന ദിവസം പ്രതിവർഷം നിങ്ങളുടെ നിയോഗപ്രകാരം സെമിനാരിയിൽ ദിവ്യബലി അർപ്പിക്കും.**

**2. പ്രത്യേകമായൊരു വൈദിക വിദ്യാർത്ഥിയെ നിശ്ചയിച്ചു നല്കുന്ന അടുത്ത പദ്ധതിയിൽ പ്രതിവർഷം 250 ഡോളർ വീതം വൈദിക പഠനം പൂർത്തിയാക്കുന്നതുവരെ സെമിനാരി പരിശീലന ചിലവുകൾക്കു നല്കുക. പരസ്പരം പ്രാർത്ഥിക്കുവാനും കത്തുകളയക്കുവാനും അവസരം ലഭിക്കും. വിശദ വിവരങ്ങൾക്കു മിഷൻ ഡയറക്ടറുമായി ബന്ധപ്പെടുക.**

# കോട്ടയം അതിരൂപതയ്ക്കു വെളിയിൽ ക്നാനായക്കരുടെ ആദ്യ ദൈവാലയം ചിക്കാഗോയിൽ സ്ഥാപിക്കാൻ നമുക്കൊത്തു ചേരാം



*ദൈവമനുവദിച്ചാൽ ഏതാനും മാസങ്ങൾക്കുള്ളിൽ നമുക്കു സ്വന്തമായൊരു ദൈവാലയമുണ്ടാകും. ഉടമ്പടി ഒപ്പുവച്ചുകഴിയുമ്പോൾ കൃത്യ വിവരങ്ങൾ പരസ്യപ്പെടുത്തുന്നതാണ്. നാമിപ്പോൾ വാങ്ങുവാനുദ്ദേശിക്കുന്ന മൾട്ടിപർപ്പസ് ദൈവാലയത്തിനും അനുബന്ധ കെട്ടിടങ്ങൾക്കും കൂടി ഒന്നേകാൽ മില്യനോളം ചിലവു പ്രതീക്ഷിക്കുന്നു. അറ്റകുറ്റ പണികൾക്കും മറ്റു ചിലവുകൾക്കുമായി വേറെയും പണം ആവശ്യമാണ്. അതിനാൽ ഓരോ കുടുംബവും 2,500 ഡോളറിൽ കുറയാത്ത തുക സംഭാവനയായി നൽകി സഹകരിക്കണം. സന്മനസ്സുള്ളവർ കൂടുതൽ തന്നു സഹായിക്കുക. തവണകളായി പണമടച്ചവർ തങ്ങൾ നൽകിയ സംഭാവനയുടെ ബാക്കി തുക നൽകിയാൽ മതി. വീടു സന്ദർശിച്ചുള്ള പിരിവ് ഒഴിവാക്കി ഓരോരുത്തനും സംഭാവന ശനിയാഴ്ചകളിലും ഞയറാഴ്ചകളിലും ഒന്നിച്ചോ തവണകളായോ ദൈവസന്നിധിയിൽ സമർപ്പിക്കുക. ദൈവത്തിനും നമുക്കും വേണ്ടിയുള്ള ഈ ദൈവാലയത്തിനു വേണ്ട തുക ആരും നിർബന്ധിക്കാൻ നിൽക്കാതെ സ്വമനസ്സാലെ നൽകി ദൈവാനുഗ്രഹം പ്രാപിക്കുക. ഈ നോമ്പുകാലത്ത് നിങ്ങളുടെ നിശ്ചിത സംഭാവന തന്നുതീർക്കുവാൻ ഉത്സാഹിക്കുമല്ലോ.*

*എന്ന് മിഷൻ ഡയറക്ടർ*

## അടുത്ത പാസ്റ്ററൽ തിയോളജി ക്ലാസ് ബിഷപ്പ് മാർ അങ്ങാടിയാത്ത് നയിക്കുന്നു



ക്നാനായ കാത്തലിക് മിഷൻെറ ആഭിമുഖ്യത്തിൽ മാസം തോറും നടത്തിവരുന്ന ദൈവശാസ്ത്ര പരിശീലനക്ലാസ് മാർച്ച് 14–)ം തീയതി ചൊവ്വാഴ്ച വൈകുന്നേരം 6:30ന് ഓ.എൽ.വി. സ്കൂളിൽ വച്ച് ചിക്കാഗോ സീറോ മലബാർ രൂപതാദ്ധ്യക്ഷൻ മാർ ജേക്കബ് അങ്ങാടി യാത്ത് നയിക്കുന്നതാണ്.

സീറോ മലബാർ സഭ യുടെ പാരമ്പര്യങ്ങളെക്കുറിച്ചാണ് പിതാവു ക്ലാസ്സെടുക്കുന്നത്. തുടർന്നു പിതാവുമായി ചോദ്യോത്തരവേളയും ഉണ്ടാകും. കോഴ്സിൽ പേരു രജിസ്റ്റർ ചെയ്ത എല്ലാവരും 6:30നു മുമ്പായി എത്തിച്ചേരേണ്ടതാണ്.

## ANNUAL RETREAT



IN PREPARATION FOR
**THE HOLY WEEK**
BY FAMOUS PREACHER
FROM INDIA
REV. FR. JACOB
KURUPPINAKATH LUKA
Vicar, St. Michael's Church
Neendoor, Kerala, India
From March 30th to April 2nd
at KCS Community Center

**SCHEDULE**

THURSDAY, MARCH 30 from 6:00 P.M. to 9:30 P.M.
FRIDAY, MARCH 31, from 6:00 P.M. to 9:30 P.M.
SATURDAY, APRIL 01, from 9:30 A.M. to 4:30 P.M.
SUNDAY, APRIL 02, from 9:30 A.M. to 4:30 P.M.

COORDNATORS: Jose Pinarkayil, Gracy Vachachira, Dolly Puthenpura.

## ലീജിയൺ ഓഫ് മേരി യൂണിറ്റുകൾ



ചിക്കാഗോ ക്നാനായ കാത്തലിക് മിഷൻെറ ആഭിമുഖ്യത്തിൽ ഫെബ്രുവരി 11ന് ചിക്കാഗോയിലും ഫെബ്രുവരി 12ന് ആഡിസണിലും ഭക്തസംഘടനയായ ലീജിയൺ ഓഫ് മേരിയുടെ യൂണിറ്റുകൾ ആരംഭിച്ചു.

എല്ലാ ആഴ്ചയിലും വേദപാഠ സമയത്ത് പ്രാർഥനാ സമ്മേളനം നടത്തുവാൻ തീരുമാനിച്ചു. മാതൃഭക്തിയിൽ വളരുവാനും ആദ്ധ്യാത്മികതയ്ക്കു ഊന്നൽ നല്കുവാനും അംഗങ്ങൾ ശ്രമിക്കണമെന്ന് മിഷൻ ഡയറക്ടർ ഫാ. ഏബ്രഹാം മുത്തോലത്ത് നിർദ്ദേശിച്ചു.

സംഘടനയുടെ ആഡിസണിലെ പ്രസിഡൻറായി ഏലിക്കുട്ടി താന്നിച്ചുവട്ടിൽ, സെക്രട്ടറിയായി സാബാ നെടുംചിറ, ഖജാൻജിയായി ലൂസി വയലിൽ എന്നിവരെ തിരഞ്ഞെടുത്തു. ചിക്കാഗോ യൂണിറ്റിൻെറ പ്രസിഡൻറ് മേഴ്സി ഇടിയാലിൽ, വൈസ് പ്രസിഡൻറ് അന്നമ്മ തെക്കേപ്പറമ്പിൽ, സെക്രട്ടറി ജെസ്സിൻ കട്ടപ്പുറം, ജോയിൻറ് സെക്രട്ടറി ആൻസി ഐക്കരപ്പറമ്പിൽ, ഖജാൻജിമാരായി ബെറ്റി പൂത്തൃക്കയിൽ, ഏലമ്മ കുളങ്ങര എന്നിവരെ തെരഞ്ഞെടുത്തു.

ഈ ഭക്തസംഘടനയിൽ ചേരാനാഗ്രഹിക്കുന്ന വനിതകളെ പ്രതിവാര പ്രാർത്ഥനാ സമ്മേളനങ്ങ ളിലേക്കു സ്വാഗതം ചെയ്യുന്നു.

## റിലിജിയസ് എജൂക്കേഷൻ ഫെസ്റ്റിവലിൽ

# അഗാപ്പെ സ്റ്റാൾ

പങ്കുവയ്ക്കുന്ന അഗാപ്പെ അഥവാ ദൈവിക സ്നേഹത്തിനു മാത്രമെ സ്വർഗ്ഗത്തിലേക്കു നമ്മെ നയിക്കുവാൻ കഴിയൂവെന്ന് ക്രിസ്തുനാഥൻെറ അന്ത്യവിധിവാചകങ്ങൾ നമ്മെ അനുസ്മരിപ്പിക്കുന്നു. 'ഈ എളിയവരിൽ ഒരുവനു ചെയ്തുകൊടുത്തപ്പോൾ എനിക്കുതന്നെയാണു നിങ്ങൾ ചെയ്തത്' എന്ന് വചനം നന്മ ചെയ്യുവാനുള്ള അവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുവാൻ നമുക്കു പ്രേരണ നല്കണം.

മാർച്ച് നാലാം തീയതി താഫ്റ്റ് ഹൈസ്ക്കൂൾ ആഡിറ്റോറിയത്തിൽ നടക്കുന്ന റിലിജിയസ് എജൂക്കേഷൻ ഫെസ്റ്റിവലിനോടനുബന്ധിച്ച് രണ്ടു വിധത്തിൽ സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന സഹോദരങ്ങളുമായി സ്നേഹം പങ്കുവയ്ക്കുവാൻ അവസരമൊരുക്കുന്നു:

### 1. സമ്മാനങ്ങളുടെ വിൽപ്പന

നമുക്കും നമ്മുടെ കുട്ടികൾക്കും സമ്മാനമായി ലഭിച്ചതോ വാങ്ങിയിട്ട് ഉപയോഗിക്കാത്തതോ ആയ നിരവധി സാധനങ്ങൾ വീടുകളിലുണ്ടാകും. ക്രിസ്റ്റൽ ഡിഷർ, ഗ്ലാസ്സസ്, ആഭരണങ്ങൾ, ചുരിദാർ, സാരികൾ, കളിപ്പാട്ടങ്ങൾ, ക്ലോക്ക് തുടങ്ങിയ നല്ല സാധനങ്ങൾ ഫെസ്റ്റിവലിനു നേരത്തെ കൊണ്ടുവരിക. അവ പകുതി വിലയ്ക്ക് വില്പ്പനയ്ക്കു വയ്ക്കും. നിങ്ങൾക്കാവശ്യമായവ ഈ സ്റ്റാളിൽനിന്നു ഡിസ്കൗണ്ട് നിരക്കിൽ വാങ്ങുക. പിരിഞ്ഞുകിട്ടുന്ന തുക മുഴുവൻ  ആഗപ്പെ മൂവ്മെൻറിലൂടെ കോട്ടയം അതിരൂപതയുടെ സാമൂഹ്യസേവന സംഘങ്ങൾ വഴി അർഹിക്കുന്നവർക്ക് നല്കുന്നതാണ്.

### 2. സ്നാക്ക് ബാർ

ഫെസ്റ്റിവൽ സമയത്ത് മിതമായ നിരക്കിൽ സ്നാക്ക്, കോഫി, സോഫ്റ്റ് ഡ്രിംഗ്സ് എന്നിവ വിൽക്കുന്നതാണ്. അതിനുവേണ്ടി പരിപ്പുവട, ഏത്തക്കാപ്പം, ഉഴുന്നുവട, സുഖിയൻ തുടങ്ങിയവ 50 എണ്ണമെങ്കിലും ഉണ്ടാക്കി നല്കി സഹകരിക്കുക. കൂടാതെ സ്റ്റാളിൽനിന്നു സാധനങ്ങൾ വാങ്ങി ഭക്ഷിക്കുക. ഇതിൻെറ വരുമാനവും ഉപവി പ്രവർത്തനങ്ങൾക്ക് നല്കുന്നതാണ്.

### വോളൻറിയർമാരെ ആവശ്യമുണ്ട്

സ്റ്റാളുകൾ സജ്ജീകരിക്കുവാനും വില്പ്പന നടത്തുവാനും പുരുഷന്മാരും സ്ത്രീകളുമായ വൊളൻറിയർമാരെ ആവശ്യമുണ്ട്. സഹകരിക്കുവാൻ തയ്യാറുള്ളവർ താഴെപറയുന്നവരുമായി ബന്ധപ്പെടുക: Gracy Vachachira (Coordinator), Rajan Kalladanthiyil, Sunny Thekkepparambil, Lizy Naduveettil, Baby Karikkal, Joy Muthukattil, Roy Kannothara, Tessy Njaravelil, Jose Thazhathuvettath, Bino Machanickal, Dolly Puthenpurayil.

# SCHEDULE OF RELIGIOUS EDUCATION FESTIVAL

Location: Thaft High School Auditorium
(6545 W. Hurlbut, Chicago, IL)

4:00 P.M. Arrival of students and volunteers.
5:30 P.M. Opening of Agape Stall
6:00 P.M. Bible Service MAR JACOB ANGADIATH
6:30 P.M. Biblical Dances
7:30 P.M. Knanaya Migration Ballet
8:30 P.M. Message by MAR JACOB ANGADIATH
8:45 P.M. Closing Dance and Grand Finale



## *GIFT SHARING DURING RELIGIOUS EDUCATION FESTIVAL*



Dear Children and Young People,

We had informed you before Christmas to save one or two gifts for Agape Sharing during our Religious Education Festival on Saturday March 4th. Please bring your unused gifts that you would like to donate for charity by 4:00 P.M. at Thaft High School Auditorium when you come for the festival.

You may buy gifts at half price and snacks at a moderate rate on that day. The collection from the sales will be used for charitable works.

## READERS / LECTORS — നോമ്പു കാലം

| FEB. 25 & 26 | PASSAGE | ADDISION | OLV CHICAGO |
|---|---|---|---|
| 1st Reading | Hosea 2:16b, 17b, 21-22 | Seona Viruthikulungara | Elizabeth Tharappel |
| 2nd Reading | 2 Corinthians 3:1b-6 | Lydia Panayaparambil | Ryan Kattapuram |
| MAR. 4 & 5 | | | |
| 1st Reading | Genesis 9:8-15 | (Festival at Thaft H.S.) | Sijo Valacheril |
| 2nd Reading | 1 Peter 3:18-22 | (Festival at Thaft H.S.) | Meril Thekkeparambil |



## DRESS CODE FOR CHRISMATION (CONFIRMATION)

BOYS: Black Pants, Full sleeve white shirt with red tie.
GRILS: Any light colored Indian dress; preferably churi-dar.

## RESERVE DVD OF RELIGIOUS EDUCATION FESTIVAL

DVDs of our Religious Education Festival on March 4th at Thaft High School will be available on March 11th and 12th. Please reserve your copies before the festival by submitting $10 towards the production cost.



Students and teachers of Seventh Grade in the Religious Education School at OLV Chicago

**Please support our advertisers who make this bulletin available for us. Limited space is available for Classified Advertisements.**


**NCLEX-RN®**

(Review Class)

Comprehensive Review
Free make-up classes
Individualized Coaching
Full Length Tests
New convenient location

ExcelRn
1640 Renaissance Dr.
Ste # 208
Park Ridge IL 60068
Call : (630) 885 1101

Next Class - 4th March '06

www.excelrn.com

**പരസ്യങ്ങൾ സ്വാഗതം ചെയ്യുന്നു**

മരണ വാർഷികം, വിവാഹ വാർഷികം, ജൂബിലി, ജന്മദിനം തുടങ്ങിയ അവസരങ്ങളിൽ ആശംസ നേർന്നുകൊണ്ടോ ഉപകാരസ്മരണയായോ ബിസിനസ് സംബന്ധമായോ പരസ്യങ്ങൾ നല്കാം.



**Jaibu Mathew, E.A.**
ENROLLED TO PRACTICE BEFORE IRS

JAIBU MATHEW KULANGARA

7215 W. Touhy, Suite 5, Chicago, IL 60631.
Office: 773-792-2117, 312-718-6337 Cell
Fax: 773-792-2118, jaibu6@aol.com

* Free Electronic Filing * Refund in 24 Hours *

Professional with 11 years experience in catering.

YOU INVITE THE GUESTS, WE DO THE REST

**Malabar**
Catering &Carry-out

Call
WILLIAM GEORGE
3519 W. Montrose Ave,
Chicago, IL 60618
Tel: 773-588-0304
Cell 773-842-5179
E-mail:
malabarcat@yahoo.com

CITYWIDE JMW REALTY INC.

4313 W. Irwing Park, Chicago, IL 60641

ALEX MULLAPPALLIL
REALTOR CONSULTANT

Tel: 773-286-6200 * Cell: 847-2089516
Res: 847-679-9431 * Fax: 773-286-9516

Specializing in: Gas Stations, Investments, Commercial, & Residential.

Illinois Residential Mortgage Licensee



EQUAL HOUSING LENDER

COLDWELL BANKER

**MARTIN & MARBRY**
*REALTOR*
For All Your Real Estate Needs
Buying, Selling, Re-locating & Investing
Call: Zachariah Chacko (Zach)
(A Friendly Realtor)



Find out how much your dream home is worth today?
4632 W. Church St., Skokie, IL 60076
(847) 677-1200 (Business)
(847) 551-7386 (Pager)
(847) 374-5031 (Voice Mail)

EQUAL HOUSING LENDER

**LINCOLNWOOD MORTGAGE SERVICES, INC.**



4039 W. Main St., Skokie, IL 60076
Phone: 847-674-1600
Fax: 847-674-1608
*For all your Mortgage Services*
Please contact: Benny Kuriakose (Kanjiraparayil)
Phone: 847.583.1245, Pager: 773.258.1301.
PURCHASE, REFINANCES, FIXED, ADJUSTABLE
We offer fast approvals

EQUAL OPPORTUNITY LENDER

